**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി കാലത്ത് വയനാട് ജില്ലയിലെ ക്ഷീര കർഷകരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് കാലത്ത് വയനാട് ജില്ലയിലെ ക്ഷീര കർഷകർക്കായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ, പാലിന് സബ്സിഡി എന്നിവ നല്കിയിട്ടുണ്ട് |
| (ബി) | ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | ഇതിനായി 2020-21 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി കാലിത്തീറ്റ സബ്സിഡി ആകെ 1,35,08,800/- രൂപയ്ക്ക് 33772 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് 51 ക്ഷീര സംഘങ്ങളിലെ 6864 ക്ഷീര കർഷകർക്ക് 22,27,031/- രൂപ പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തിലുള്ള 2 കർഷകർക്ക് 2,000/- രൂപ വീതവും കോവിഡ് ബാധിച്ച 36 ക്ഷീര കർഷകർക്ക് 3,60,000/- രൂപയും ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആകെ 1,08,56,000/- രൂപയ്ക്ക് 27140 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ